LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ നൽകുന്നതിനുള്ള പ്രത്യേക പദ്ധതികൾ

267 (607) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ നൽകുന്നതിനുള്ള പ്രത്യേക പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഇത്തരം ഏതെങ്കിലും പുതിയ പദ്ധതികൾ പ്രസ്തുത ബോർഡിന്റെ പരിഗണനയിലുണ്ടോ ;

(സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കായി കുറഞ്ഞ പലിശ നിരക്കിൽ ഒരു ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് ബോർഡ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാന ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ നൽകുന്നതിനുള്ള പ്രത്യേക പദ്ധതിക്ക് 5-9-2013-ലെ ജി.ഒ.(എം.എസ്) 23/2013/ഭവനം നമ്പർ സർക്കാർ ഉത്തരവു പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

വരുമാനം കുറഞ്ഞവർക്കായുള്ള ഭവന വായ്പാപദ്ധതി

268 (608) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുമാനം കുറഞ്ഞവർക്ക് കുറഞ്ഞ ശതമാനം പലിശ നിരക്കിൽ ഭവന വായ്പ നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ? ;

ഉത്തരം

(എ&ബി) വരുമാനം കുറഞ്ഞവർക്ക് കുറഞ്ഞ ശതമാനം പലിശ നിരക്കിൽ ഭവന നിർമ്മാണ ബോർഡ് മുഖേന ഭവന വായ്പ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടില്ല